LIBRARY ARCHIVES Kerala Legislative Assembly

അക്ഷയ സംരംഭകർക്ക് പ്രതിഫലം

190 (8026) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ രജിസ്ട്രേഷൻ നടത്തുന്ന അക്ഷയസംരംഭകർക്ക് പ്രതിഫലം ലഭ്യമാക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ ആധാർ രജിസ്ട്രേഷനു വേണ്ടി എത്ര പേർക്കാണ് ലൈസൻസ് കൊടുത്തിട്ടുള്ളതെന്ന് പഞ്ചായത്തു തിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(ഡി) പാലക്കാട് ജില്ലയിൽ എത്ര തുകയാണ് കുടിശ്ശികയായി നൽകുവാനുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്. UIDAI-ൽ നിന്നാണ് വിജയകരമായി പൂർത്തിയാക്കിയ ആധാർ എൻറോൾമെന്റിനുള്ള തുക കേരള സ്റ്റേറ്റ് ഐ.ടി. മിഷന് ലഭിക്കുന്നത്. UIDAI-ൽ നിന്ന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. ഇതിൽ അക്ഷയയുടെ വിഹിതം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, ടി തുക അക്ഷയ സ്റ്റേറ്റ് ഓഫീസിന് നൽകുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കാൻ കഴിയും.

(സി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) 12,32,915 രൂപ (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ).

അക്ഷയ പദ്ധതിയുടെ കീഴിൽ ജോലി ചെയ്യുന്നവർ

191 (8027) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ പദ്ധതിയുടെ കീഴിൽ എത്ര പേർ കരാർ അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും ജോലി നോക്കിവരുന്നു ;

(ബി) ഇ-ഗവേർണൻസ് പദ്ധതി വിവിധ വകുപ്പുകളിലേക്ക് വ്യാപിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ജീവനക്കാർക്ക് ഇ.എസ്.ഐ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അക്ഷയ പദ്ധതിയുടെ കീഴിൽ ആകെ 128 പേർ കരാർ അടിസ്ഥാനത്തിലും 26 പേർ ദിവസവേതന അടിസ്ഥാനത്തിലും ജോലി നോക്കിവരുന്നു.

(ബി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(സി) കരാർ ജീവനക്കാർക്ക് അവർ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥകൾ പ്രകാരമാണ് ആനുകൂല്യങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ദിവസവേതനക്കാരെ പ്രത്യേക ജോലികൾക്കായി അതത് സമയത്ത് നിയോഗിച്ചുവരികയാണ് പതിവ്.

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ

192 (8028) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എന്തൊക്കെ സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത് ; വിശദാംശം നൽകുമോ ;

(ബി) ഫ്രണ്ട്സിൽ ലഭിക്കുന്ന സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഓരോ നിയോജക മണ്ഡലങ്ങളിലും ഒരു ഫ്രണ്ട്സ് ജനസേവന കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. താഴെപ്പറയുന്ന വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ സേവനങ്ങൾ ജനസേവന കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കിയിട്ടുണ്ട്.

- കെ.എസ്.ഇ.ബി.
- വാട്ടർ അതോറിറ്റി
- കോർപ്പറേഷൻ
- കേരള യൂണിവേഴ്സിറ്റി
- എം.ജി. യൂണിവേഴ്സിറ്റി
- കാലിക്കറ്റ് യൂണിവേഴ്സിറ്റി
- മോട്ടോർ വെഹിക്കിൾ

LIBRARY ARCHIVES Kerala Legislative Assembly